## പതിനാലാം കേരള നിയമ സഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ: 5333.

26/03/2018 ലെ മറുപടിക്ക്

## നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിളയിൽ അസാപിന്റെ സ്കിൽ പാർക്ക്

ചോദ്യം

ശ്രീ. കെ. ആൻസലൻ

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള അസാപിന്റെ സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന്, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിളയിൽ സിസ്കോ ടൈൽ ഫാക്ടറി നിന്നിരുന്ന സ്ഥലത്ത് തറക്കല്ലിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) | സ്കിൽ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് നിലവിലുള്ള പഴയ ടൈൽ ഫാക്ടറി പൊളിച്ചുമാറ്റേണ്ടതുണ്ട്. ഇതിന്റെ മതിപ്പുവില പൊതുമരാമത്ത് കണക്കാക്കിയത് 26 ലക്ഷമാണ്. പ്രസ്തുത കെട്ടിടം ഇ. ടെൻഡർ വഴി ലേലം ചെയ്ത് പൊളിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| സി) | സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക എത്രയാണെന്നും ഏതു വർഷത്തിലാണ് ഫണ്ട് അനുവദിച്ചതെന്നും വ്യക്തമാക്കാമോ; | സി) | 2016-ൽ പ്രസ്തുത സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് 14,19,98,376/- രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഏപ്രിൽ മാസത്തിൽ ആരംഭിക്കാൻ കഴിയുമോ; | ഡി) | മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| ഇ) | സ്കിൽ പാർക്കിൽ ആരംഭിക്കുന്ന കോഴ്സുകൾ ഏതെല്ലാമാണെന്നും ഓരോ കോഴ്സിലും എത്ര പേർക്ക് അഡ്മിഷൻ നൽകാൻ കഴിയുമെന്നും വിശദീകരിക്കാമോ? | | കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് താൽപ്പര്യപത്രം ക്ഷണിച്ച് ഏജൻസിയെ തിരഞ്ഞെടുത്തതിന് ശേഷം ആയിരിക്കും കോഴ്സുകളും ബന്ധപ്പെട്ട കാര്യങ്ങളും തീരുമാനിക്കുക. |

സെക്ഷൻ ഓഫീസർ